പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : * 311 — 19.02.2013-ലെ മറുപടിയ്ക്ക്

## പൈതൃക വിജ്ഞാനങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ :<br>" റ്റി.എ. അഹമ്മദ് കബീർ :<br>" പി. ഉബൈദുള്ള :<br>" എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ തനത് പൈതൃക വിജ്ഞാനങ്ങളുടെ സംരക്ഷണാർത്ഥം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) 2009-10-ൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ "നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെഡിഷണൽ നോളഡ്ജ് ഇൻ ഫുഡ് ആന്റ് മെഡിസിൻ' എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങാൻ ഒരു പ്രൊപ്പോസൽ കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ആയുഷിന് സമർപ്പിച്ചിരുന്നു. തുടർ നടപടിക്കായി തൽക്കാലം പ്രോജക്ട് രൂപേണ തുടങ്ങാൻ അനുമതി നൽകുകയും 190.81 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. ആദ്യ ഗഡുവായി 76 ലക്ഷം രൂപ നൽകുകയും അതിൽ പറഞ്ഞിട്ടുള്ളതിൻ പ്രകാരം 9 കർമ്മപദ്ധതികളുടെ ആദ്യ ഘട്ട പഠനം പൂർത്തിയാക്കുകയും ചെയ്തു. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) നമ്മുടേതായ പൈതൃക വിജ്ഞാനങ്ങൾ മോഷ്ടിച്ചെടുത്ത് അന്യനാടുകളിൽ പേറ്റന്റ് നേടിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നൽകുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ഞളും ബസുമതി അരിയും വേപ്പുമായി ബന്ധപ്പെട്ട പേറ്റന്റുകളാണ് ഇത്തരത്തിൽ അന്യനാടുകളിൽ പേറ്റന്റ് നേടിയിട്ടുള്ളത്. ദേശീയ തലത്തിൽ ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ദേശീയ ട്രഡീഷ്ണൽ നോളഡ്ജ് ഡിജിറ്റൽ ലൈബ്രറിയുടെ സേവനം ഉപയോഗപ്പെടുത്തി സംസ്ഥാനം എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; ലൈബ്രറിയിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങളിൽ സംസ്ഥാനത്തിന്റെ സംഭാവന എത്രത്തോളമെന്ന് വ്യക്തമാക്കുമോ ? | (സി) കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന CSIR ആണ് ഈ ഉദ്യമം ഏറ്റെടുത്തിട്ടുള്ളത്. ആയുർവേദ ഗ്രന്ഥങ്ങളിലുള്ള വിജ്ഞാനങ്ങൾ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി ലോകമെമ്പാടുമുള്ള പേറ്റന്റ് ഓഫീസുകളിൽ ഡിജിറ്റൽ ലൈബ്രറി റഫറൻസിന് നൽകിയിട്ടുണ്ട്. ഇതിൽ കേരളത്തിൽ നടത്തിയ പഠനങ്ങളെ ആസ്പദമാക്കിയിട്ടുള്ള പ്രസിദ്ധീകരണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ ഇതിനകം ആഗോളതലത്തിൽ ഫയൽ ചെയ്ത 140 ഓളം പേറ്റന്റുകളെ പ്രതിരോധിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**